

# ടി.എൻ അബ്ദുർറഹ്മാൻ

**ടി.എൻ** അബ്ദുർറഹ്മാൻ..... വെളുത്ത കൊലുന്നനെയുള്ള ചടച്ച ശരീരം, പുതു കാലത്തിന്റെ പകിട്ടു ചേരാത്ത വസ്ത്ര ധാരണം, ചീകിയൊതുക്കാത്ത ചപ്രച്ച തലമുടി. സൗന്ദര്യ ശാസ്ത്രത്തിന്റെ പതിവു ശാസനകളെ ബോധപൂർവം നിരാകരിച്ച താടിരോമങ്ങൾ, നിരഭംഗിയില്ലാത്ത ക്ലാവു കയറിയ ദന്തനിരകൾ, ധ്യാനാത്മകമായ കണ്ണുകൾ. ചേന്ദമംഗല്ലൂരിന്റെ പാൽപാട സംഗമങ്ങളിൽനിന്നും ബോധപൂർവം അകന്നുമാറി, ഗ്രാമത്തിന്റെ ഉപേക്ഷിക്കപ്പെട്ട പുറം പോക്കുകളിലും രോഗാതുരതകളോടു മല്ലയുദ്ധം ചെയ്തു തോറ്റു വീണവരുടെ ഉമ്മറങ്ങളിലും ദാരിദ്ര്യത്തിന്റെ പുരുഷ സ്ഥലികളിലും നിഷ്കളങ്കതയോടെ ജീവിച്ചു തീർത്ത ചൈതന്യവത്തായ മൂന്നു പതിറ്റാണ്ട്. ടി.എൻ നാഥനിലേക്ക് തിരിച്ചുപോയി.

ചേന്ദമംഗല്ലൂരിലെ പോലെ ഏതു ഗ്രാമത്തിന്റെ ചരിത്രത്തിലും ഇത്തരം അവധൂതന്മാർക്ക് ഇടമുണ്ടാവുകയില്ല. അതുകൊണ്ട് ഇവരെ ആരും അറിയുകയുമില്ല. അറിയപ്പെടണമെന്നു ഇവർ ആഗ്രഹിക്കുന്നുമില്ല. ഏതു സമൂഹത്തിലും രണ്ടുതരം ആളുകളുണ്ട്. ഒന്ന് പ്രഭാഷണ ധീരന്മാർ, മറ്റൊന്ന് പ്രയോഗ ധീരന്മാർ. പ്രസംഗ ധീരന്മാരുടെ കോലാഹലങ്ങൾക്കിടയിൽ പ്രയോഗ ധീരന്മാരുടെ സർഗാത്മക ന്യൂനപക്ഷം സ്വാഭാവികമായും അവഗണിക്കപ്പെടുന്നു. യഥാർഥത്തിൽ ഏതു പ്രസ്ഥാനത്തിനും മുന്നോട്ടായാൻ പ്രാപ്തി നൽകുന്നതു ഇത്തരം അവധൂതന്മാരുടെ ജീവിത ബലിയാണ്.

ചേന്ദമംഗല്ലൂരിൽ ജമാഅത്തെ ഇസ്‌ലാമിയെ ജനകീയമാക്കാൻ തന്റെ നിഷ്കളങ്കതകൊണ്ടും നിഷ്കാമകർമങ്ങൾകൊണ്ടും അധ്വാനിച്ച ടി.എന്നിന്റെ വിയോഗം പ്രസ്ഥാനത്തിനു കനത്ത നഷ്ടമാണ്. ടി.എന്നിനു പകരമില്ല.

തൊഴിലുകൊണ്ടു ടി.എൻ ഇലക്ട്രിസിറ്റി ബോർഡു ജീവനക്കാരനായിരുന്നു. ദക്ഷിണയും കൈമടക്കുമില്ലാതെ ആർക്കും എപ്പോഴും സമീപിക്കാവുന്ന അവരുടെ പ്രിയങ്കരനായ ഉദ്യോഗസ്ഥൻ. അവധി ദിവസങ്ങളിലും പാതിരാത്രികളിലും കൊടും മഴയിലും ജനങ്ങളുടെ വൈദ്യുത പ്രശ്നങ്ങൾ പരിഹരിക്കാൻ ടി.എൻ അവരുടെ കൂടെ ഇറങ്ങിനടന്നു. അവിടെയൊക്കെ ടി.എൻ പ്രസ്ഥാനത്തെ പരിചയപ്പെടുത്തി. തന്റെ തുറന്ന ജീവിതത്തിലൂടെ നിരവധിയാളുകളെ പ്രസ്ഥാനത്തിന്റെ ശാദ്വല തീരത്തെത്തിച്ചു. തൊഴിൽ മണ്ഡലം അധികവരുമാനത്തിനും അതുവഴി ആർഭാട ജീവിതത്തിനും ഒരിക്കലും ടി.എൻ ഉപയോഗിച്ചില്ല. അതുതന്നെയാണ് മയ്യിത്ത് നമസ്കാരത്തിന് എത്തിയ ജനസഞ്ചയം ഒതയമംഗലം മസ്ജിദും കവിഞ്ഞൊഴുകിയത്.

**പി.ടി കുഞ്ഞാലി ചേന്ദമംഗല്ലൂർ**